# എ. പി. എച്ച്. എസ് അളഗപ്പനഗർ

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025 -26



# ആമുഖം

ഇടക്കുന്നിക്കും നെല്ലായിക്കും ഇടയിൽ കിടക്കുന്ന ആമ്പല്ലൂർ പ്രദേശം.

**ഇടക്കുന്നി**: നവോത്ഥാനത്തിന്റെ പ്രജനന കേന്ദ്രം. യോഗക്ഷേമ സഭാവാർഷികം, അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് നാടകം അരങ്ങേറിയ കേന്ദ്രം, ആ വാർഷികത്തിന് "ഘോഷ' ഉപേക്ഷിച്ച എത്തിയ സ്ത്രീയെ പ്രവേശിപ്പിച്ച സ്ഥലം അങ്ങനെ ഇടക്കുന്നിക്ക് പ്രാധന്യങ്ങളേറെ. തൃക്കൂരിലെ ജൈനക്ഷേത്രവും അതുണ്ടാക്കിയ സംസ്കൃതിയുടെയും സ്വാധീനം പ്രതിഫലിക്കുന്ന നാട്ടിലെ സർക്കാർ വിദ്യാലയം, കുറുമാലിപ്പുഴയ്ക്കും മണലിപ്പുഴയ്ക്കും ഇടയിലുള്ള പ്രദേശത്ത് ആമ്പലുകൾ സമൃദ്ധമായിരുന്നു. ആമ്പലുകളുടെ സമൃദ്ധി ദേശത്തെ ആമ്പല്ലൂരാക്കി. അനേകായിരങ്ങൾക്ക് ആദ്യാക്ഷരം പകർന്നു നൽകി ഒരു നാടിന്റെ സ്പന്ദനമായി നിൽക്കുന്ന ആമ്പല്ലൂരിലെ അളഗപ്പനഗർ പഞ്ചായത്ത് ഹയർസെക്കണ്ടറിസ്കൂൾ. ആമ്പല്ലൂരിലെ പുതിയ തലമുറക്ക് ആധുനിക ജീവിത പന്ഥാവിലൂടെ മുന്നേറാനുള്ള ഒരു വഴിവിളക്കായി, ഒരു ശക്തികേന്ദ്രമായി അറിവിന്റെ ഒരു കൈത്താങ്ങായി സേവനസന്നദ്ധമായി നിങ്ങളോടൊപ്പം എന്നും ഉണ്ടാകുന്ന സ്ഥാപനം അളഗപ്പനഗർപഞ്ചായത്ത്ഹയർസെക്കണ്ടറിസ്കൂൾ.

# ചരിത്രം

അളഗപ്പനഗർ പഞ്ചായത്തിലെ അളഗപ്പനഗർ പ്രദേശത്താണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഡോ. എം.ആർ.എം. അളഗപ്പചെട്ട്യാർ സ്ഥാപിച്ച അളഗപ്പടെക്സ്റ്റയിൽസ് എന്ന വ്യവസായ സ്ഥാപനത്തിലൂടെയാണ് ആമ്പല്ലൂർ എന്ന ഗ്രാമത്തിന്റെ മുഖച്ഛായ മാറുന്നത്. ടെക്സ്റ്റ്യിൽസ് സ്ഥിതി ചെയ്തിരുന്ന പ്രദേശത്തിന് അദ്ദേഹത്തിന്റെ സ്മരണാർത്ഥം അളഗപ്പനഗർ എന്ന പേര് നൽകുകയും ചെയ്തു. ടെക്സ്റ്റയിൽസ് തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ സൗകര്യത്തിനായി 1952 ലാണ് ലോവർ പ്രൈമറിയായി ഈ വിദ്യാലയം ആരംഭിക്കുന്നത്. "അളഗപ്പടെക്സ്റ്റയിൽസ് ലോവർ പ്രൈമറി സ്കൂൾ' എന്നായിരുന്നു ആദ്യപേര്. 1957 ൽ പ്രൈമറി ആയി ഉയർത്തപ്പെട്ടു. 1964 ൽ കമ്പനിയുടെ ഉടമസ്ഥത ത്യാഗരാജ ചെട്ട്യാർ ഏറ്റെടുക്കുകയും സ്കൂളിന്റെ പേരോടു കൂടെ തന്റെ പേര് കൂടി ചേർക്കുകയും ചെയ്തു. 1966 ൽ ഹൈസ്കൂളായി ഉയർത്തിയതോടെ സ്കൂൾ ത്യാഗരാജ ഹൈസ്കൂൾ എന്നറിയപ്പെട്ടു.

1990 കളിൽ സ്കൂളിന്റെ ഉടമസ്ഥാവകാശം അളഗപ്പനഗർ പഞ്ചായത്ത് ഏറ്റെടുത്തതോടെ സ്കൂളിന്റെ പേര് അളഗപ്പനഗർപഞ്ചായത്ത് ഹൈസ്കൂൾ എന്നായി മാറി. 2010 ൽ സ്കൂളിന്റെ ഉടമസ്ഥത മുഴുവനായും സംസ്ഥാന വിദ്യാഭ്യാസവകുപ്പ് ഏറ്റെടുക്കുകയും സ്കൂളിൽ ഹയർസെക്കന്ററി കോഴ്സുകൾ അനുവദിക്കുകയും ചെയ്തു. ഹ്യുമാനിറ്റീസ്, കൊമേഴ്സ്, സയൻസ് എന്നിങ്ങനെ മൂന്നു ബാച്ചുകളായി ഹയർസെക്കന്ററി വിഭാഗം നിലകൊള്ളുന്നു.

സ്കൂൾ കോമ്പൗണ്ടിനുള്ളിൽ തന്നെ എൽ.പി. വിഭാഗവും ഒരു അംഗൻവാടിയും സ്ഥിതി ചെയ്യുന്നുണ്ട്. പ്രീപ്രൈമറി മുതൽ ഹയർസെക്കന്ററി വരെ ഒരു കുടക്കീഴിൽ ലഭ്യമാവുന്ന ഗ്രാമീണ വിദ്യാലയമായി അളഗപ്പനഗർപഞ്ചായത്ത് ഹയർസെക്കന്ററിസ്കൂൾ വിശേഷിപ്പിക്കപ്പെടുന്നു. 5 മുതൽ 12 വരെയുള്ള വിവിധ ക്ലാസ്സുകളിലായി ഏകദേശം 650 ൽ പരം പഠിതാക്കളുണ്ട്. എസ്.എസ്.എൽ.സി. പരീക്ഷയിൽ പത്തിലധികം വർഷമായി നൂറു ശതമാനം വിജയവും പ്ലസ് ടു പരീക്ഷയിൽ മികച്ച വിജയവും കരസ്ഥമാക്കുന്ന നമ്മുടെ വിദ്യാലയം കലാകായിക മേഖലയിലും ഏറെ മുന്നിലാണ് മഹത്തായ സാംസ്കാരിക പാരമ്പര്യം പേറുന്ന അളഗപ്പനഗറിലേക്ക് ഒട്ടേറെ പ്രതിഭാധനരെ സംഭാവന ചെയ്യുവാൻ സ്കൂളിനായിട്ടുണ്ട്. ജൈവവൈവിധ്യപരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ സവിശേഷ ശ്രദ്ധ പതിപ്പിക്കുന്ന വിദ്യാലയത്തിന് ഒട്ടേറെ പുരസ്കാരങ്ങളും ഇതുവഴി ലഭിച്ചിട്ടുണ്ട്.

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| പേര് | : അളഗപ്പനഗർ പഞ്ചായത്ത് ഹയർ സെക്കന്ററി സ്കൂൾ അളഗപ്പനഗർ പി.ഒ. ആമ്പല്ലൂർ – 680 302, തൃശ്ശൂർ |
| സ്ഥാപിതം | : 1952 |
| ഫോൺ | : 0480 2750958 |
| സ്കൂൾകോഡ് | : 22072(HS) |
| | : 8162 (HSS) |
| ഉപജില്ല: | : ചേർപ്പ് |
| വിദ്യാഭ്യാസജില്ല | : തൃശ്ശൂർ |
| റവന്യൂജില്ല | : തൃശ്ശൂർ |
| ബി.ആർ.സി. | : കൊടകര |
| പഞ്ചായത്ത് | : അളഗപ്പനഗർ |
| വാർഡ് | : 17 |
| ബ്ലോക്ക് പഞ്ചായത്ത് | : കൊടകര |
| ജില്ലാ പഞ്ചായത്ത് | : തൃശ്ശൂർ |
| നിയോജക മണ്ഡലം | : പുതുക്കാട് |
| ലോകസഭാ മണ്ഡലം | : തൃശ്ശൂർ |
| താലൂക്ക് | : മുകുന്ദപുരം |
| വില്ലേജ് | : ആമ്പല്ലൂർ |
| email | : aphsalagapanagar@gmail.com (HS) |
| | : aphss8162@gamil.com (HSS) |
| Web | : alagappahss.blogspot.in |
| Facebook | : www.facebook.com/aphss.alagappanagar |
| വിഭാഗം | : സർക്കാർ ഉടമസ്ഥത |
| ക്ലാസ്സുകൾ | : 5 മുതൽ 12 വരെ |

## ലക്ഷ്യങ്ങൾ

- കേരളത്തിന്റെ സാംസ്കാരികവും സാമൂഹികവും കാർഷികവും സർഗ്ഗാത്മകവുമായ പാരസ്പര്യം കാത്തു സൂക്ഷിക്കാനും ഭരണഘടനാ മൂല്യങ്ങൾ ഉൾകൊണ്ട് പ്രവർത്തിക്കുന്ന ഒരു സമൂഹസൃഷ്ടിക്കും ഉതകും വിധം എല്ലാ കുട്ടികൾക്കും വൈവിധ്യമാർന്ന അനുഭവമൊരുക്കാൻ കഴിയുക.

- 5-10 വരെ ക്ലാസ്സിലെ കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രവർത്തനങ്ങളിലേർപ്പെടാൻ കഴിയും വിധം സമൂഹത്തിലെ വിവിധ ഘടകങ്ങളെ ഏകോപിപ്പിക്കുക.

- 20 വർഷം മുന്നിൽ കണ്ടുകൊണ്ട് വിദ്യാലയ വികസന പദ്ധതി തയ്യാറാക്കാനും വിവിധ മേഖലകളിൽ നിന്ന് (ഗവൺമെന്റ്. എം.എൽ.എ., എം.പി., ത്രിതല പഞ്ചായത്ത്, വ്യവസായികൾ, എൻ.ആർ.ഐ. പൂർവ്വ വിദ്യാർത്ഥികൾ) വിഭവസമാഹരണം നടത്തി വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരമുള്ളതാക്കുക.

- 5 മുതൽ 10 വരെ ക്ലാസ്സിലെ എല്ലാ കുട്ടികളും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ആശയ ങ്ങളും ധാരണകളും ശേഷിയും നൈപുണിയും മനോഭാവവും മൂല്യങ്ങളുംആർജ്ജിക്കാനവസരമൊരുക്കുക. വരുംകാലത്തിന്റെ ആവശ്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി അധ്യയനം ഉറപ്പാക്കുക.

- വിദഗ്ധരായ അധ്യാപകരുടെ സേവനം വിദ്യാലയങ്ങളിൽ ലഭ്യമാക്കുന്നതോടൊപ്പം വിദ്യാലയത്തിലെ ഓരോ അധ്യാപകന്റേയും അക്കാദമികവും സാങ്കേതികവുമായ മികവ് വിക സിപ്പിക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്യുക.

- പഠനവും ബോധനവും ആഹ്ലാദകരമായ അനുഭവമാക്കി മാറ്റുക.

- കുട്ടികളുടെ സർഗ്ഗ ക്രിയാശേഷികളെ പരിപോഷിപ്പിക്കുന്നതിന് ഭൗതികവും സർഗ്ഗാത്മ കവുമായ പ്രവർത്തന പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുക.

- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്ക കയും നിരന്തര വിലയിരുത്തലിലൂടെ പരിമിതികൾ പരിഹരിച്ച് മുന്നേറുകയും ചെയ്യുക. കുട്ടിയുടെ പഠനവേഗത, പഠനശൈലി എന്നിവ പരിഗണിക്കുന്ന പഠനപ്രക്രിയ സാധ്യമാക്കുക.

- സ്വയംപഠനം സംഘപഠനം എന്നിവ ഉറപ്പാക്കുന്നതിന് സഹായകമായ ഭൗതിക സൗകര്യങ്ങളും ലൈബ്രറി, ലാബ് പോലെയുള്ള സംവിധാനങ്ങളും ഒരുക്കുക.

- സമ്പൂർണ്ണ ശുചിത്വം, പ്ലാസ്റ്റിക്, കീടനാശിനിമുക്തക്യാമ്പസ് സൃഷ്ടിക്കുക.
- പ്രകൃതി തന്റെ പാഠപുസ്തകം എന്ന ദർശനം ഉൾക്കൊള്ളുന്ന പാഠ്യപദ്ധതി രൂപപ്പെടുത്തുക.

## അക്കാദമിക് മാസ്റ്റർ പ്ലാൻ – വിഷയമേഖലകൾ

# മലയാളം

**മാതൃഭാഷാ പഠനം പ്രശ്നങ്ങൾ**

- **5 മുതൽ 7 വരെയുള്ള ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിലേക്ക് എത്തിക്കുവാൻ കഴിയുന്നില്ല**
- **പഠന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും അവ പരിഹരിക്കുന്നതിനും സാധിക്കുന്നില്ല**
- **സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പ്രാധാന്യവും പ്രോത്സാഹനവും ലഭിക്കുന്നില്ല**
- **പഠനപ്രവർത്തനത്തിന്റെ ഭാഗമായി പഠനോപകരണങ്ങൾ , ഐ സി ടി സാധ്യത എന്നിവ ഫലപ്രദമായി ഉപയോഗിക്കുന്നില്ല**
- **വിദ്യാലയത്തിലെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് സാമൂഹിക പങ്കാളിത്തം ലഭിക്കുന്നില്ല**
- **മുൻ ക്ലാസുകളിൽ ആർജിക്കേണ്ട ശേഷികൾ എല്ലാവരകുംനേടിയിട്ടില്ല**
- **എല്ലാ വീടുകളിലും പഠനാന്തരീക്ഷം ഉറപ്പാക്കുന്നില്ല. രക്ഷിതാക്കൾ സ്കൂളുമായി വേണ്ടത്ര ബന്ധം പുലർത്തുന്നില്ല**

## യു പി വിഭാഗം

**ലക്ഷ്യം :**

**ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും കുട്ടികളെ പ്രാപ്തരാക്കുക**

**പ്രവർത്തനങ്ങൾ**

**എന്റെ അവധിക്കാലം ( ജൂൺ)**

**അവധിക്കാല അനുഭവങ്ങൾ വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ് അവതരിപ്പിക്കുന്നു**

**ഭാഷാ കേളി ( ജൂൺ– ജൂലൈ)**

**അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി , ആസ്വാദനം എന്നിവ വളർത്തുന്നു.**

**വാർത്താ ലോകത്തേക്ക് ( എല്ലാ ദിവസവും )**

**പത്രം ആഴ്ചപതിപ്പ് മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി വളർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു**

**വാർത്താ വായന (ആഴ്ചയിലൊരിക്കൽ)**

**നവ മാധ്യമങ്ങളുടെ സഹായത്തോടെയോ , ഐസി ടി സൗകര്യം ഉപയോഗിച്ചോ വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു**

**ക്വിസ് (ആഴ്ചയിലൊരിക്കൽ)**

**അതാത് മാസത്തെ പ്രധാന സംഭവങ്ങൾ , ദിനാചരണങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു**

## ഹൈസ്കൂൾ വിഭാഗം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) എല്ലാ കുട്ടികൾക്കും പഠനനേട്ടം ഉറപ്പു വരുത്തുക<br>2) എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം(ശ്രദ്ധ, നവപ്രഭ) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ● അക്ഷരം ഉറപ്പിക്കൽ<br>● സമാനപദങ്ങൾ ഉപയോഗിച്ച് വാക്യരചനകൾ<br>● നാടൻ കഥകൾ, കവിതകൾ അവതരണം, കേൾപ്പിക്കൽ<br>● പത്രവായന, (സ്കൂൾ അസംബ്ലി)<br>● വായനാമത്സരം<br>● ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്സ് (ശ്രദ്ധ, നവപ്രഭ) | 2 മാസം<br><br>ഒരു വർഷം | മലയാളം അദ്ധ്യാപിക<br><br>റിസോഴ്സ് അദ്ധ്യാപിക | പി ടി എ |
| എല്ലാ കുട്ടികളേയും സ്വതന്ത്രവായനക്കാരാക്കുക ഭാഷാശേഷി വികസനത്തിനായി ഐ സിടി സാധ്യതകൾ ഉപയോഗിക്കുക | ● ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>● ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>● ക്ലാസ് നിലവാരമനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ<br>● *വായനയിൽ ഐ സി ടി സാധ്യതകൾ ഉപയോഗപ്പെടുത്തൽ*<br>● സ്കൂൾ ലൈബ്രറി നവീകരണം<br>● വായനാമുറി –പ്രത്യേക സൗകര്യമൊരുക്കൽ<br>● വായനോത്സവം, ജന്മദിനാ പുസ്തകം | 6 മാസം<br><br>1 വർഷം ആവശ്യമനുസരിച്ച് – 2 മാസം | മലയാളം അദ്ധ്യാപിക | പി ടി എ |
| പത്രവായന പരിപോഷിപ്പിക്കുക | ● പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യാക്കൽ | 3 മാസം | വിദ്യാരംഗം ഇൻചാർജ് | പി ടി എ |

| | | | | |
|---|---|---|---|---|
| | ● ഓരോ ക്ലാസിനും ഓരോ പത്രം<br>● രാവിലെ പത്രവാർത്താ വായന<br>● പത്രക്വിസ്<br>● വായനാനുഭവം പങ്കു വയ്ക്കൽ | ദിവസേന | | |
| സർഗ്ഗശേഷി വികസനം | ● സാഹിത്യക്വിസ്, രചനാ ശില്പശാല<br>● കവിതാലാപന മത്സരം<br>● പുസ്തക ചർച്ച , പുസ്തകാസ്വാദനം<br>● ഉപന്യാസ രചന<br>● ഡിജിറ്റൽ മാഗസിൻ<br>● പഠനയാത്ര | മാസത്തിൽ ഒരു തവണ | മലയാളം അദ്ധ്യാപിക | പി ടി എ |

# ഗണിതം

## ഗണിത പഠനം പ്രശ്നങ്ങൾ

- ഗണിതത്തോട് താത്പര്യമുള്ള കുട്ടികളുടെ എണ്ണം കുറവാണ്.
- കുട്ടികൾക്ക് മനക്കണക്ക് ചെയ്യാനുള്ളശേഷി തീരെ ഇല്ലാതായിരിക്കുന്നു.
- ചതുഷ്ക്രിയകൾ : കൂട്ടാനും ഗുണിക്കാനും ഉള്ള ശേഷികൾ മിക്കവരും നേടിയിട്ടുണ്ട്. പക്ഷെ കുറയ്ക്കാനുള്ള ശേഷി പരിമിതമാണ്. ഹരണവും പകുതിയിലധികം പേരും പിന്നോക്കാണ്. ഗുണന പട്ടിക മനപാഠമാക്കാത്തതു കൊണ്ട് വെട്ടിച്ചെറുതാക്കുക എന്ന കാര്യം ആലോചിക്കാൻ പോലും പറ്റാത്ത അവസ്ഥയാണ്. ഇതെല്ലാം ഫിസിക്സ് കെമിസ്ട്രി തുടങ്ങിയ വിഷയങ്ങളിലെ ഗണിത പ്രശ്നങ്ങൾക്ക് ശരിയായ ഉത്തരം കണ്ടെത്താൻ കഴിയാത്ത അവസ്ഥയിലേക്ക് ആശയം മനസ്സിലായ കുട്ടിയെപ്പോലും എത്തിക്കുന്നു.
- ഭിന്നസംഖ്യകളുടെയും ദശാംശരൂപങ്ങളുടെയും ക്രിയകൾ കുട്ടികൾ ഭയപ്പെടുന്നു
- വലിയൊരു വിഭാഗം കുട്ടികൾ അദ്ധ്യയന മാധ്യമം ഇംഗ്ലീഷ് ആയി തെരഞ്ഞെടുത്തപ്പോൾ, ഭാഷാപരിമിതി ചോദ്യം വായിച്ച് മനസ്സിലാക്കുന്നതിന് വിഘാതമായി മാറിയിരിക്കുന്നു.

## യു പി വിഭാഗം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതം ഉറപ്പിക്കൽ | പിന്നോക്കക്കാരായ കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക | ജൂൺ | ഗണിതാദ്ധ്യാപകർ | പി ടി എ |

| | | | | |
|---|---|---|---|---|
| | പരിശീലനം നൽകുന്ന - (നമ്പർ കാർഡ്, ഈർക്കിൽ, മുത്തുകൾ ഇവ ഉപയോഗിച്ച്) | | | |
| രസകരമായ ഗണിത പഠനവും ശേഷികളുടെ വികസനവും | ഗണിത ശില്പശാല<br>ഗണിത രൂപങ്ങൾ നിർമ്മിക്കൽ, ഗണിത രൂപങ്ങൾ കൊണ്ട് ചാർട്ടിൽ ചിത്രം വരക്കൽ | ഒരു പ്രാവശ്യം | ഗണിതാദ്ധ്യാപകർ | |
| ഗണിത പഠനം സുഗമവും താത്പര്യമുള്ളതുമാക്കാൻ | ഗണിത ലാബ് സെറ്റ് ചെയ്യുക<br>പഠന സഹായികൾ ഉണ്ടാക്കുക<br>ഗണിത മേഖലയിൽ പ്രാവീണ്യമുള്ളവരെ കൊണ്ടു വന്ന് ക്ലാസ് നടത്തൽ, പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക താത്പര്യമുള്ള ഗണിത പ്രവർത്തനങ്ങൾ നൽകൽ | ആവശ്യാനുസരണം | ഗണിത ക്ലബ് അംഗങ്ങൾ | |
| ഐ സി ടി ഉപയോഗിച്ച് ഗണിത പഠനം എളുപ്പമാക്കുക | ജ്യാമിതീയ രൂപങ്ങൾ, ചതുഷ്കീയകൾ, ഭിന്ന സംഖ്യകളുടെ സങ്കലനം, വ്യവകലനം തുടങ്ങിയ മേഖലയിലെ പ്രവർത്തനങ്ങൾ, ഗെയിം ഉപയോഗിച്ച് ഉറപ്പിക്കൽ | മാസത്തിൽ ഒരിക്കൽ | ഗണിത അദ്ധ്യാപകർ | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നവരെ മുൻനിരയിൽ എത്തിക്കുക | ഗണിത ക്ലീനിക്<br>പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തൽ, മാർഗനിർദേശങ്ങൾ നൽകി രക്ഷിതാക്കളുടെ സഹായത്തോടെ പോരായ്മ പരിഹരിക്കൽ | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അദ്ധ്യാപകർ, മിടുക്കരായ കുട്ടികൾ | |
| വിവിധ ശേഷികളുടെ വികസനം | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെയുള്ള പ്രധാന ദിനങ്ങൾ എസ് ആർജിയിൽ തീരുമാനിച്ച് പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക<br>അസംബ്ലി ഇതിനായി ഉപയോഗപ്പെടുത്തുക | | | |

## ഹൈസ്കൂൾ വിഭാഗം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതം | പിന്നോക്കക്കാരായ കുട്ടികളെ | ജൂൺ | ഗണിതാ | പി ടി എ |

| | | | | |
|---|---|---|---|---|
| ഉറപ്പിക്കൽ | കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നൽകുന്നു | | ദ്ധ്യാപകർ | |
| ഗണിതത്തിനോട് താത്പര്യം വളർത്തൽ | • ഗണിത ക്ലബ് രൂപീകരണം<br>• ഗണിത ക്വിസ് മത്സരം<br>• പ്രധാന ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ<br>• ഗണിതവുമായി ബന്ധപ്പെട്ട ദിനങ്ങൾ പരിചയപ്പെടുത്തൽ<br>• ക്ലാസുകളിൽ പാഠഭാഗവുമായി ബന്ധപ്പെട്ട മനക്കണക്കുകൾ ചെയ്യിക്കുന്നു | മാസത്തിലൊരു പരിപാടി എങ്കിലും നടത്തണം<br><br>ആഴ്ചയിൽ ഒരിക്കൽ | അദ്ധ്യാപകർ/ വിദ്യാർത്ഥികൾ | |
| • കുട്ടികൾക്ക് ജ്യാമിതിയിൽ താത്പര്യം ഉണ്ടാക്കുന്നതിന്<br>• വിവിധ രൂപങ്ങൾ കണ്ട് തിരിച്ചറിയുന്നതിന്<br>• അവയുടെ അളവുകൾ പരിചയപ്പെടുന്നതിന് | ഗണിത ലാബ് / ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം | നവംബർ | ക്ലബ് അംഗങ്ങൾ | |
| ഗണിത മേളയിലേക്ക് കുട്ടികളെ തയ്യാറാക്കൽ | സ്കൂൾ തല മേള നടത്തുന്നു. വിജയികൾക്ക് പരിശീലനം നൽകുന്നു | സെപ്തംബർ | അദ്ധ്യാപകർ | |
| N M M S പരിശീലനം | പരീക്ഷ എഴുതുന്ന കുട്ടികൾക്ക് ഗണിതത്തിൽ പരിശീലനം നൽകുന്നു | ജൂലൈ - നവംബർ | അദ്ധ്യാപകർ | |
| ചുറ്റുമുള്ള ഗണിതം | ഗണിത ശില്പശാല | നവംബർ | ക്ലബ് അംഗങ്ങൾ | |
| ജിയോജിബ്ര പരിശീലനം | ശില്പശാല | ഫെബ്രുവരി | ലിറ്റിൽ കൈറ്റ്സ് | |

# അടിസ്ഥാന ശാസ്ത്രം

## യു പി വിഭാഗം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റു പാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **സഹ്യാദ്രി ജൈവ വൈവിധ്യപാർക്ക്** പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം, ശലഭോദ്യാനം എന്നിവ കൊണ്ട് പാർക്ക്<br>**ഫീൽഡ് ട്രിപ്** നമ്മുടെ നാട്ടിൻ പുറത്തുള്ള ഔഷധ സസ്യങ്ങളെ പരിചയപ്പെടുന്നു.<br>**പുഴനിരീക്ഷണം** ആവാസ വ്യവസ്ഥകൾ നിരീക്ഷണം<br>**പരീക്ഷിക്കാം കണ്ടെത്താം**<br>കുട്ടികൾക്ക് ചെയ്യാനുതകുന്ന ലഘുപരീക്ഷണങ്ങൾ കണ്ടെത്തി അവതരിപ്പിക്കുന്നു. പരീക്ഷണ മൂലയിലേക്ക് കിറ്റുകൾ സംഘടിപ്പിക്കുന്നു. പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു. | അക്കാദമിക വർഷം<br><br>ജൂലൈ<br><br>ജൂലൈ മുതൽ | ശാസ്ത്ര അദ്ധ്യാപകർ | പി ടി എ |
| ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക . ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | **പ്രൊജക്ട്**<br>• വിവിധ ശാസ്ത്രാശയങ്ങളുടെ പ്രൊജക്ട് തയ്യാറാക്കി റിപ്പോർട്ട് അവതരണം.<br>• ശാസ്ത്രോത്സവം -2025<br>• പുതിയ ശാസ്ത്രാശയങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം<br>• അനുഭവ പഠനം<br>• ശാസ്ത്ര സാങ്കേതിക വിദ്യകളിൽ കഴിവു തെളിയിച്ച പ്രമുഖരുടെ അഭിമുഖങ്ങൾ , ക്ലാസുകൾ, ശാസ്ത്രശില്പശാലകൾ സംഘടിപ്പിക്കുന്നു<br>• ശാസ്ത്ര ലൈബ്രറി<br>• ശാസ്ത്ര പുസ്തകങ്ങൾ ഉൾ ക്കൊള്ളിച്ച് ക്ലാസ് ലൈബ്രറി വിപുലീകരിക്കുന്നുശാ | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപകർ | സയൻസ് ക്ലബ് |

| | | | | |
|---|---|---|---|---|
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി പ്രയോജനപ്പെടുത്തുക | ഐ സി ടി ഉപയോഗിച്ച് പുതിയ കണ്ടുപിടുത്തങ്ങൾ , നൂതന അറിവുകൾ , ശാസ്ത്രജ്ഞരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപകർ | പി ടി എ |
| പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | ലബോറട്ടറിയിൽ പരീക്ഷണങ്ങൾ നടത്തി കണ്ടെത്താനും പുതിയ സാങ്കേതിക രീതികൾ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനും പരിശീലനം | അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപകർ | സയൻസ് ക്ലബ് |

## ഹൈസ്കൂൾ വിഭാഗം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര ലാബ് നവീകരണം | • യു പി ഹൈസ്കൂൾ പാഠഭാഗത്തെ പരീക്ഷണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>• നിലവിലെ ലാബ് സാധനങ്ങളിൽ നിന്നും അപ്ഡേറ്റ് ചെയ്യുന്നു<br>• ശാസ്ത്ര ഉപകരണങ്ങൾ വികസിപ്പിച്ചെടുക്കുന്നു, ശേഖരിക്കുന്നു<br>• തെരഞ്ഞെടുത്ത പരീക്ഷണങ്ങൾ ക്ലാസ് അടിസ്ഥാനത്തിൽ ചെയ്യുന്നു | ജൂൺ-ആഗസ്റ്റ് | ശാസ്ത്ര അദ്ധ്യാപകർ | പി ടി എ |
| ശാസ്ത്ര പോഷണം | • ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സമുചിതമായി ആഘോഷിക്കുന്നു.<br>• ക്വിസ് മത്സരങ്ങൾ ആകർ | അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപകർ | സയൻസ് ക്ലബ് |

| | | | | |
|---|---|---|---|---|
| | ഷകമായി സംഘടിപ്പിക്കുന്നു<br>• ശാസ്ത്ര വീഡിയോ പ്രദർശനങ്ങൾ നടത്തി പുതിയ അറിവുകൾ കുട്ടികളിലെത്തിക്കുന്നു | അക്കാദമിക വർഷം | | |
| കൗതുകം , ജിജ്ഞാസ, നിരീക്ഷണ പാഠവം എന്നിവ പരിപോഷിപ്പിക്കുക | • ലഘുപരീക്ഷണങ്ങൾ അവതരിപ്പിക്കാൻ ആഴ്ചയിലൊരിക്കൽ അവസരം നൽകുന്നു<br>• മെച്ചപ്പെട്ടവ തൊരഞ്ഞെടുത്ത് സ്കൂൾ അസംബ്ലിയിലും ക്ലാസ് പിടി എ യിലും അവതരിപ്പിക്കുന്നു | ജൂൺ - ഫിബ്രവരി | ശാസ്ത്ര അദ്ധ്യാപകർ | |

# ഹിന്ദി

## യു പി , ഹൈസ്കൂൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയ വിനിമയം നടത്താനും ഉള്ള ശേഷി വർദ്ധിപ്പിക്കൽ<br>CWSN, Slow learners അധിക പിന്തുണ വർദ്ധിപ്പിക്കൽ | • കുട്ടിയുടെ നിലവാരം കണ്ടെത്തുവാൻ പ്രീടെസ്റ്റ് നടത്തുന്നു<br>• കുട്ടികൾക്ക് ഉണർവ് നൽകുന്ന ഭാഷാപോഷിണി പ്രവർത്തനങ്ങൾ , പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. CWSN, Slow learners കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയേയും കണക്കിലെടുത്ത് നടത്താവുന്ന പ്രവർത്തന പാക്കേജ്<br>• ഓരോ ക്ലാസ്സിലും ഹിന്ദി വായിപ്പിക്കുകയും ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക. | ജൂൺ<br><br>ജൂൺ<br><br>പ്രതിദിനം | ഹിന്ദി അദ്ധ്യാപകർ<br><br>ഹിന്ദി / മറ്റു ഭാഷ അദ്ധ്യാപകർ<br><br>ഹിന്ദി അദ്ധ്യാപകർ | |

| | | | | |
|---|---|---|---|---|
| | • ഹിന്ദിയിൽ ആഴ്ച, മാസം , തീയ്യതി , എണ്ണം എന്നിവയുടെ ദിവസേനയുള്ള അവതരണം<br>• CWSN, Slow learners കുട്ടികൾക്കായി പ്രത്യേകം പസിലുകൾ, പല വർണ്ണങ്ങളിൽ ആകർഷകമായ അക്ഷരമാല ഐ സി ടി ഉപയോഗിച്ച് അവതരണം<br>• ഹിന്ദിയിൽ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക , ഹിന്ദി അസംബ്ലി നടത്തുക<br>• ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാൻ അവസരം നൽകുക , ഹിന്ദി ഡോക്യുമെന്ററി, സിനിമ,, വാർത്തകൾ കാണാനുള്ള അവസരം,<br>• കുട്ടികൾ പത്രിക തയ്യാറാക്കുന്നു<br>• പാഠഭാഗവുമായി ബന്ധപ്പെട്ട് ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക<br>• കുട്ടികളുടെ മാനസികോല്ലാസം നിലനിർത്തിക്കൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാ പഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തന പാക്കേജുകൾ | ആഴ്ചയിൽ ഒരിക്കൽ<br><br>ദിനാചരണങ്ങളിൽ<br><br>ജനുവരി<br><br>പ്രതിദിനം<br><br>6 മാസം | ഹിന്ദി അദ്ധ്യാപകർ<br><br>ഹിന്ദി അദ്ധ്യാപകർ<br>ഹിന്ദി / മറ്റ് ഭാഷ അദ്ധ്യാപകർ<br><br>ഹിന്ദി അദ്ധ്യാപകർ<br><br>അദ്ധ്യാപകർ | |

# സാമൂഹ്യശാസ്ത്രം

## യു പി , ഹൈസ്കൂൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | വിശകലനം |
| സാമൂഹ്യശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | **ബുള്ളറ്റിൻ ബോർഡ്** വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തേയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 1000/- (PTA) |
| സാമൂഹ്യത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിപ്പിക്കൽ | **സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ** അധികവായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർബുക്കുകൾ എന്നിവ ക്രമീകരിച്ച സാമൂഹ്യശാസ്ത്ര വായന കോർണർ ഒരുക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹിക ശാസ്ത്രശാസ്ത്ര ക്ലബ്ബ് | 5000/- സ്പോൺസർ ഷിപ്പ് |
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | **മോക്ക് പാർലമെന്റ്** പ്രകടനപത്രിക പ്രചരണം, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ ഇതിന്റെ നേത ൃത്വത്തിൽ ഇടവേളകളിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | 5 എണ്ണം 1. കാലവർഷ സമ്മേളനം 2.തുലാവർഷ സമ്മേളനം 3.ഓണക്കാല സമ്മേളനം 4. ക്രിസ്മസ് സമ്മേളനം 5.വേനൽക്കാലസമ്മേളനം | സാമൂഹിക ശാസ്ത്രശാസ്ത്ര ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര പഠനം ശാസ്ത്രീയമാക്കുക | **സാമൂഹ്യശാസ്ത്ര ലാബ്**<br>\| വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യശാസ്ത്രലാബ് ക്രമീകരിക്കൽ | ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 5000/- (PTA) |
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് | പഠനയാത്രകൾ<br>സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുട ങ്ങിയ ഇടങ്ങളിലേക്ക് നട ത്തുന്ന പഠനയാത്രകൾ | മാസത്തിൽ ഒന്നുവീതം | എസ് ആർ ജി | 20000/- സ്പോൺസർ |
| ആനുകാലിക വിഷയങ്ങളെക്കുറിച്ച സംവാദം, നടത്തി നിഗമനങ്ങൾ രൂപീകരിക്കുക | **ഡിബേറ്റ് ക്ലബ്ബ്**<br>സമകാലിക പ്രസക്തിയുള്ള സാമൂഹികശാസ്ത്ര വിഷയങ്ങളെ ക്കുറിച്ച് സംവാദം, \|<br>സെമിനാർ,ഡിബേറ്റ്, പാനൽ, ചർച്ച, പ്രഭാ ഷണം തുടങ്ങിയവ സംഘടിപ്പി ക്കൽ | മാസത്തിൽ ഒന്നുവീതം | എസ് ആർ ജി | 10000/- സ്പോൺസർ |
| സാമൂഹ്യശാസ്ത്രവിഷയങ്ങളോടുള്ള താൽപര്യം വർദ്ധിപ്പിക്കുന്നതിന് | **സോഷ്യൽ സയൻസ് ഫെസ്റ്റ്**<br>സാമൂഹിക ശാസ്ത്രവിഷ<br>സാമൂഹ്യശാസ്ത്ര ക്ലാസുകളിലെ വേറിട്ട പ്രവർത്തനങ്ങളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്ക ൽ<br>ക്വിസ്, പ്രദർശനങ്ങൾ ശേഖര<br>Working model, Still model<br>പതിപ്പുകൾ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യശാസ്ത്ര ക്ലബ് | 1000/- പി ടി എ |
| ചരിത്രത്തെക്കുറിച്ചുള്ള അവഗാഹം ലഭിക്കുന്നതിന് | **ചരിത്ര** സിനിമകളുടെ പ്രദർശനം<br>സിനിമയുടെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | രണ്ടുമാസത്തിൽ ഒന്നുവീതം | അദ്ധ്യാപകർ | |
| പ്രപഞ്ചരത്തെക്കുറിച്ച് മനസ്സിലാക്കുന്നതിനും അതിൽ താത്പര്യം ഉണ്ടാക്കുന്നതിനും | പ്രപഞ്ചത്തെക്കുറിച്ചും പ്രപഞ്ചം എന്ന മഹാത്ഭുതത്തെ വൻകരകൾ, സമുദ്രകൾ \| കുറിച്ചും വൻകരകൾ, മഹാസ മുദ്രങ്ങൾ | ഒന്ന് | സാമൂഹ്യശാസ്ത്ര ക്ലബ് | 500/- |

| | | | | |
|---|---|---|---|---|
| | എന്നിവയെകുറിച്ച ഡിജിറ്റൽ ആൽബം തയ്യാറാക്കുന്നതിന് | | | |
| ചരിത്രപഠനം കൂടുതൽ പഠന ശാസ്ത്രീയമാക്കുന്നതിന് | **പ്രാദേശിക വിഭവഭൂപടനിർമ്മാണം** വ്യക്തികൾ, സ്ഥാപനങ്ങൾ, സ്ഥലങ്ങൾ, ചരിത്ര സ്മാരക ങ്ങൾ എന്നിവ കണ്ടെത്തി പ്രാദേശിക വിഭവഭൂപടം നിർമ്മിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സോഷ്യൽ സയൻസ് ക്ലബ്ബ് | |

# ഇംഗ്ലീഷ്

## യു പി , ഹൈസ്കൂൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് വായിക്കുവാനും സംസാരിക്കാനും ഉള്ള ശേഷി വർദ്ധിപ്പിക്കുക | ENGLISH ASSEMBLY ആഴ്ച യിൽ ഒരു ദിവസം അസംബ്ലി നടത്തുക News reading, pledge, prayer എന്നിങ്ങനെ എല്ലാ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ മാത്രം അവതരിപ്പിക്കുക | ആഴ്ചയിൽ ഒരു ദിവസം | ടീച്ചേഴ്സ് | |
| English ൽ Communication \|Skill വർദ്ധിപ്പിക്കുക. | ENGLISH DAY English ഭാഷയിൽ ആഴ്ചയിൽ ഒരു ദിവസം മുഴുവൻ അധ്യാപകരും കുട്ടികളും ഇംഗ്ലീഷിൽ മാത്രം സംസാരിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | |
| Condifence communication skill വർദ്ധിപ്പിക്കുക. | COMMUNICATIVE ENGLISH CLASS ഇതിനായി ഒരു ഇംഗ്ലീഷ് ടീച്ചറെ നിയമിക്കുക | ആഴ്ചയിൽ രണ്ട് ദിവസം | HM | 5000/- PTA |
| ഇംഗ്ലീഷിൽ ഉള്ള വായന ശീലം വളർത്തിയെടു | English books മാത്രം ഉൾക്കൊള്ളിച്ചുകൊണ്ട് ENGLISH | ഇംഗ്ലീഷ് ക്ലബ്ബ് | ലൈബ്രേറിയൻ | 5000/- RMSA Fund |

| | | | | |
|---|---|---|---|---|
| | LIBRARY സജ്ജീകരിക്കുക. വായിച്ച പുസ്തകങ്ങളുടെ Review തയ്യാറാക്കുക. English Assembly യിൽ ഏറ്റവും മികച്ച review വായിക്കുന്നു. | | | |
| English കൈകാര്യം ചെയ്യുവാനുള്ള ആത്മ ശ്വാസം വർദ്ധിപ്പിക്കുക \| | **ENGLISH LITERARY ASSOCIATION** കലാപരിപാടികൾ ഇംഗ്ലീഷിൽ അവതരിപ്പിക്കുക | മാസത്തിൽ ഒന്നു വീതം | English Teacher | |
| English ൽ ഉള്ള കുട്ടികളുടെ സർഗ്ഗാത്മകമായ writing skill, creativity \| ശേഷികൾ വർദ്ധിപ്പിക്കുക | **ENGLISH MAGAZINE** ഇംഗ്ലീഷ് മാഗസിൻ തയ്യാറാക്കുക ഇംഗ്ലീഷിൽ സർഗാത്മക രചന നടത്തുന്നതിനുള്ള പരിശീലനം നൽകുക | | ENGLISH TEACHER | SPONSORS 2000/- |
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | **കത്തെഴുതൽ** തൊട്ടടുത്ത സ്കൂളിലെ സമാന ക്ലാസിലെ കുട്ടികളുമായി പ്രതിമാസ കത്തിടപാടിലൂടെ വിശേഷങ്ങൾ പങ്കുവയ്ക്കൽ | 4 തവണ | CLASS TEACHER | |
| ഇംഗ്ലീഷ് പഠനാന്തരീക്ഷം | ENGLISH CORNER ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസി ദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ<br><br>കുട്ടികൾ കാണാവുന്ന വിധ ത്തിൽ ഒരു പൊതു സ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കു ന്ന | വർഷം മുഴുവൻ | എല്ലാ ക്ലാസ് അദ്ധ്യാപകരും | 2000/-- |

| | | | | |
|---|---|---|---|---|
| | തി നള്ള ബോർഡ് സ്ഥാപിക്കൽ | | | |

## Health and Physical Education

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ ഹൃദയ ശ്വസനക്ഷമത വർദ്ധിപ്പിക്കുക | ആഴ്ചയിൽ 2 ദിവസം എയറോബിക്സ് ആഴ്ചയിൽ ഒരു ദിവസം യോഗ | വർഷം മുഴുവൻ | കായികാദ്ധ്യാപകൻ | |
| കുട്ടികളിലെ ആത്മവിശ്വാസം വർദ്ധിപ്പിക്കുക , മത്സരഭയം മാറ്റുക | എല്ലാ കുട്ടികളേയും ഇൻഡോർ ഔട്ടഡോർകായികപ്രവർത്തനങ്ങളിൽ പങ്കെടുക്കുക. എല്ലാ ആഴ്ചയിലും ഒരു ദിവസം വീതം സൗഹൃദ മത്സരങ്ങൾ സംഘടിപ്പിക്കുക | 4 മാസം | കായികാദ്ധ്യാപകൻ | |
| കായിക മേളക്ക് വേണ്ടി കുട്ടികളെ തയ്യാറാക്കുക | സ്കൂൾ തലത്തിൽ കുട്ടികളുടെ മത്സരങ്ങൾ സംഘടിപ്പിക്കുക മികച്ച കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുക | ജൂലൈ മുതൽ സംസ്ഥാന കായിക മേള വരെ | കായികാദ്ധ്യാപകൻ മറ്റു അദ്ധ്യാപകർ | |
| ഇൻഡോർ കായിക ക്ലബ് സജ്ജീകരണം | ചെസ്സ് , കാരം എന്നീ കളികളിൽ തത്പരരായ കുട്ടികൾക്ക് ഉച്ച സമയത്തെ ഇടവേളകളിൽ കളിക്കാൻ അവസരം നൽകുക ആഴ്ചയിൽ ഒരു ദിവസം കുട്ടികൾക്ക് ചെസിൽ വിദഗ്ദ്ധ പരിശീലനം | ജൂൺ - ഡിസംബർ | കായികാദ്ധ്യാപകർ, പരിശീലകൻ | പി ടി എ |

# ഇൻഫോർമേഷൻ ടെക്നോളജി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് നവീന കാലഘട്ടത്തിന്റെ അവശ്യമായ സാങ്കേതിക വിദ്യയിൽ താത്പര്യം വളർത്തുകയും പുതിയ സോഫ്റ്റ് വെയറുകൾ പരിചയപ്പെടുത്തുകയും ചെയ്യുക | ലിറ്റിൽ കൈറ്റ്സ് ക്ലബ് ആരംഭിക്കുക | വർഷം മുഴുവൻ | അദ്ധ്യാപകർ | പി ടി എ |
| വേഡ് , കാൽക് തുടങ്ങിയ സാധാരണ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകൾ ഉപയോഗിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക | ഓൺലൈൻ മാഗസിൻ തയ്യാറാക്കുക | മാസത്തിലൊന്നു വീതം | ഭാഷാ അദ്ധ്യാപകർ എസ് ഐ ടി സി | പി ടി എ |
| പുതിയ ലോകത്തിലേക്ക് കുട്ടികളെ പ്രാപ്തരാക്കുക | റോബോട്ടിക്സ് പരിശീലനം എല്ലാ കുട്ടികൾക്കും ലഭ്യമാക്കുക | രണ്ടു മാസത്തിലൊരിക്കൽ | എസ് ഐ ടി സി | പി ടി എ |

എല്ലാ കുട്ടികളേയും അവർക്ക് നേടാൻ കഴിയുന്ന പരമാവധി ഉയർന്ന നിലവാരത്തിലേക്ക് എത്തിക്കുവാൻ ക്ലാസ് പഠനത്തോടൊപ്പം വേറിട്ട പ്രവർത്തനങ്ങളും ആവശ്യമാണ്.

വിദ്യാർത്ഥി എന്നതിലുപരി നാളത്തെ പൗരൻ എന്ന കാഴ്ചപ്പാടിലേക്ക് കുട്ടി ഉയരുമ്പോഴാണ് നാട്ടിനും സമീഹത്തിനും ഉതകുന്ന ഒരുവനായി അവൻ മാറുന്നുള്ളൂ. അതിനു വേണ്ട ഒരു പരിസരം ഒരുക്കാനുള്ള മാർഗരേഖയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. പഠനപ്രക്രിയകൾ വൈവിദ്ധ്യമാക്കാനും കുട്ടികൾക്ക് താത്പര്യമുള്ളതാക്കാനും വ്യത്യസ്തങ്ങളായ പ്രവർ ത്തനങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിഗണിക്കുന്നത് പ്രധാന ലക്ഷ്യമാണ് . അവർക്ക് പ്രത്യേക പരിഹാരബോധന ക്ലാസുകൾ ആവശ്യമാണ്.

ഓരോ വിദ്യാലയത്തിന്റെയും തനതു സാഹചര്യങ്ങൾ ഉൾ ക്കൊ ണ്ടാക്കുന്ന ഈ രേഖയിൽ നടപ്പാക്കാനാഗ്രാഹിക്കുന്ന ഒരുപാടു പദ്ധതികൾ സൂചിപ്പിപ്പിച്ചിട്ടുണ്ട്. കുട്ടിയെ സാമൂഹ്യ പ്രതിബന്ധതയും അറിവും ഉള്ള ഉത്തമ പൗരനാക്കാൻ സ്കൂളിനെ നയിക്കുന്ന കർമ്മ പദ്ധതിയായി ഇതിലെ ആശയങ്ങൾ മാറുമ്പോഴേ ഇതിന് ഫലപ്രാപ്തി ഉണ്ടാകൂ